"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥലംമാറ്റ സ്ഥാനക്കയറ്റ നിയമനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (എ) വകുപ്പ്

സ.ഉ.(സാധാ) നം.1002/2026/ID തീയതി,തിരുവനന്തപുരം, 22-08-2026

---

പരാമർശം:-
1. 11/02/2026-ലെ സ.ഉ. (അച്ചടി) നം. 10/2026/വ്യവ
2. 01/07/2026 -ലെ സ.ഉ. (സാധാ) നം. 613/2026/കൃഷി
3. വ്യവസായ വാണിജ്യ ഡയറക്ടറുടെ 21/07/2026-ലെ DIC/12878/2018-ED2 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (3)-ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സ്ഥലംമാറ്റവും പരാമർശം (1) ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഡയറക്ടർ തസ്തികയുടെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരന് കെ.എസ്. &എസ്.എസ്.ആർ ചട്ടം 28a (i) പ്രകാരം Rs. 56500/- -Rs.118100/- ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റവും അനുവദിച്ച് ചുവടെ ചേർക്കുംവിധം ഉത്തരവാകുന്നു.

**i. സ്ഥലംമാറ്റം**

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ദീപു. ഡി (പെൻ: 200382)-നെ സ്ഥലംമാറ്റി പരാമർശം (2) ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പ്രണവൻ വി.പി KERA യിലെ Procurement Specialist തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിതനായതിനെ തുടർന്നുണ്ടായ ഒഴിവിൽ നിയമിക്കുന്നു.

**II. സ്ഥാനക്കയറ്റം**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചാവക്കാട് താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ. അയ്യപ്പൻ.എൻ (PEN: 618874) -ന് അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ദീപു.ഡി-യെ സ്ഥലംമാറ്റുന്ന ഒഴിവിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ജീവനക്കാർക്ക് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Bindhumol. S
Date: 22-08-2026
14:52:16

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

വ്യവസായ (എ) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

വ്യവസായ (എ) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്